ഉത്തരം

(എ) എഴുത്തുപരീക്ഷയും കൂടിക്കാഴ്ചയും നടത്തി അതിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ ദേവസ്വം ബോർഡുകളാണ് നേരിട്ട് നിയമനം നടത്തുകയാണ് ഇപ്പോഴത്തെ പതിവ്. ഗുരുവായൂർ ദേവസ്വത്തിനെ സംബന്ധിച്ച് ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റിയാണ് നിയമനം നടത്തുന്നത്.

(ബി) തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളിലേയ്ക്കുള്ള നിയമനം നടത്തേണ്ടത് ട്രാവൻകൂർ–കൊച്ചിൻ ഹിന്ദു റിലിജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ട് 1950–ലെ വ്യവസ്ഥകൾക്കനുസൃതമായാണ്. പ്രസ്തുത വ്യവസ്ഥകളനുസരിച്ച് നിയമനങ്ങൾ നടത്താനുള്ള അധികാരം അതാത് ദേവസ്വം ബോർഡുകളിൽ നിക്ഷിപ്തമാണ്. ആക്ടിലെ വ്യവസ്ഥകൾ പ്രകാരം നിയമനങ്ങളൊന്നും പി.എസ്.സി.ക്ക് വിടുവാൻ നിർവാഹമില്ല.

ഗുരുവായൂർ ദേവസ്വത്തിനെ സംബന്ധിച്ചിടത്തോളം, ദേവസ്വത്തിലെ എല്ലാ നിയമനങ്ങളും നടത്തേണ്ടത് 1978–ലെ ഗുരുവായൂർ ദേവസ്വം ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായാണ്. പ്രസ്തുത വ്യവസ്ഥകൾ പ്രകാരം എല്ലാ നിയമനങ്ങളും നടത്തുവാനുള്ള അധികാരം ദേവസ്വം മാനേജിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. അതു കൊണ്ട് പ്രസ്തുത നിയമനങ്ങൾ പി. എസ്. സി. ക്ക് വിടുവാൻ നിർവ്വാഹമില്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

II. അടിയന്തിര പ്രമേയം

കശുവണ്ടി വ്യവസായരംഗത്തെ പ്രതിസന്ധി

[9.30 A. M.]

മി. സ്പീക്കർ: കശുവണ്ടി വ്യവസായമേഖലയിൽ ഫാക്ടറികൾ സ്ഥിരമായി പൂട്ടിയിടുന്നതുമൂലവും തോട്ടണ്ടി ക്ഷാമം മൂലവും ഒന്നര ലക്ഷത്തോളം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നതിന്റെ ഫലമായി കശുവണ്ടി വ്യവസായ രംഗത്ത് ഉളവായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് ഇന്നത്തെ സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീമതി കെ. ആർ. ഗൗരി, ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ, ശ്രീ. സി. കെ. തങ്കപ്പൻ, ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ബഹുമാനപ്പെട്ട അംഗങ്ങൾ നോട്ടീസ് നൽകിയതനുസരിച്ച് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതാണ് എന്നു മാത്രം ഗുരുതരമായ സ്ഥിതിവിശേഷം ഈ രംഗത്തില്ലെന്നാണ് എനിക്ക് പറയുവാനുള്ളത്. നോട്ടീസിൽ പറയുന്നത്, 70 ഫാക്ടറികൾ അടഞ്ഞു കിടക്കുന്നു എന്നാണ്. എന്നാൽ പഴയ കോട്ടാ ഫാക്ടറികളിൽ, ഇപ്പോൾ ഗവൺമെന്റിന് ലഭിച്ച കണക്കനുസരിച്ച് ലൈസൻസ്

LIBRARY ARCHIVES Kerala Legislative Assembly

റിന്യൂ ചെയ്യാത്ത 20 ഫാക്ടറികളേ ഉള്ളൂ. പക്ഷേ 39-ഓളം ഫാക്ടറികളും അടഞ്ഞു കിടക്കുന്നു. ഇതിൽ ചില ഫാക്ടറികളും തന്നെ തോട്ടണ്ടിയുടെ ലഭ്യതയനുസരിച്ച് ചിലപ്പോൾ ഏതാനും മാസങ്ങളും പ്രവർത്തിക്കുകയും പിന്നെ അടച്ചിടുകയും ചെയ്യാറുണ്ട്. ഇത് തോട്ടണ്ടിയുടെ ലഭ്യതയെ ആശ്രയിച്ചുള്ള കാര്യമാണ്. 1984 നുശേഷം കാപ്പക്സ് രൂപവൽക്കരിച്ചതിനുശേഷം, ഇന്നിതുവരെ പത്ത് ഫാക്ടറികളും ഏറ്റെടുത്തു. എത്രതന്നെ പ്രശ്നങ്ങളുണ്ടായാലും തോട്ടണ്ടിയുടെ ലഭ്യതയനുസരിച്ച് ഫാക്ടറികളും ഏറ്റെടുക്കാൻ കാപ്പക്സ് ശ്രമിക്കുന്നതാണ്. തോട്ടണ്ടി ആവുന്നത്ര ലഭ്യമാക്കാൻ കാപ്പക്സിന് ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

സർ. ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള മറ്റൊരു പ്രശ്നം മിനിമം കൂലി, ഡി. എ. എന്നിവയെ സംബന്ധിച്ചാണ്. സംസ്ഥാന ലേബർ ഡിപ്പാർട്ടുമെന്റുതന്നെ കാഷ്യൂ ഫാക്ടറികളിൽ ഡി. എ., മിനിമം കൂലി, നിയമപരമായി ലഭിക്കേണ്ട ആനുകൂല്യങ്ങളും എന്നിവ ലഭിക്കുന്നുണ്ടോയെന്നു പരിശോധിക്കുവാൻ ഒരു സ്പെഷ്യൽ സ്കാഡിനെ നിയമിച്ചിട്ടുണ്ട്. ലേബർ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാരും വ്യവസായ വകുപ്പിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ ഓഫീസറും സെയിൽസ് ടാക്സ് ഉദ്യോഗസ്ഥൻമാരും അടങ്ങിയ ഈ സ്പെഷ്യൽ സ്കാഡ് 23-4-1986 മുതൽ രൂപവൽക്കരിച്ചതാണ്. ഈ സ്പെഷ്യൽ സ്കാഡിന് ചില തൊഴിലാളി യൂണിയനുകളും ഇതിനോടകം അഞ്ചു പരാതികളും നൽകിയിട്ടുണ്ട്. ഈ അഞ്ചു പരാതികളിൻമേൽ റീജിയണൽ ലേബർ ഇൻസ്പെക്ടർ നടപടിയെടുക്കുകയും ചെയ്തിട്ടുണ്ട്. ഡി. എ. നൽകുന്നില്ല എന്ന് വല്ല കേസും കിട്ടിയാൽ അത് പരിശോധിക്കുവാൻ ഗവൺമെന്റ് തയ്യാറാണ്. എന്നാൽ ലേബർ ഡിപ്പാർട്ടുമെന്റ് ആരിൽനിന്നും പരാതി കിട്ടാതെതന്നെ സംശയിക്കപ്പെടുന്ന 36 കേസ്സുകളും മിനിമം വേജസ് അതോറിറ്റി മുമ്പാകെ ഫയൽ ചെയ്തിരിക്കുകയാണ്. അതുകൊണ്ട് ഇതിനെ സംബന്ധിച്ച് യാതൊരു വിധത്തിലുള്ള ആശങ്കയ്ക്കും അവകാശമില്ല. കശുവണ്ടി ഫാക്ടറികളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ഡി. എ. യും മിനിമം വേജസും പൂർണ്ണമായും ലഭ്യമാക്കുന്നതിന് ഗവൺമെന്റിന് അങ്ങേയറ്റം ആകാംക്ഷയുണ്ട്. അതനുസരിച്ച് നടപടികളും എടുക്കുന്നതാണ്.

സർ, കുടിവെറുപ്പ് ഫാക്ടറികൾക്ക് ഗവൺമെന്റ് ലൈസൻസ് കൊടുത്തിട്ടില്ല. ഫാക്ടറികൾക്ക് ലൈസൻസ് റിന്യൂ ചെയ്ത് കൊടുക്കുകയാണ് ഗവൺമെന്റ് ചെയ്യുന്നത്. രണ്ട് ലൈസൻസ് കൊടുത്തത് കോടതി ഉത്തരവനുസരിച്ച് മാത്രമാണ്. കോടതി ആവശ്യപ്പെട്ടത് പ്രകാരം കോട്ടാ ഫാക്ടറിയിൽ ഉൾപ്പെടാത്ത രണ്ട് ഫാക്ടറികൾക്ക് ലൈസൻസ് കൊടുത്തതാണ്. ബാക്കി എല്ലാ ഫാക്ടറികൾക്കും റിന്യൂ ചെയ്ത് കൊടുക്കുകയാണ്. അതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു പ്രശ്നം ഇതിൽ ഇല്ലെന്ന് ഞാൻ വിനയപൂർവ്വം അറിയിക്കുകയാണ്.

<u>ശ്രീമതി കെ. ആർ. ഗൗരി:</u> സർ, കശുവണ്ടി വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ പ്രധാന യൂണിയൻ (സി. ഐ. ടി.യു.) കഴിഞ്ഞ 14-ാം തീയതി മുതൽ മിനിമം വേജസ്, ക്ഷാമബത്ത ഇവ പരിപൂർണ്ണമായി കൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിരാഹാരസമരത്തിലാണ്. ഐ. എൻ. ടി. യു. സി.. ഉൾപ്പെടെയുള്ള ഭരണകക്ഷി സംഘടനകളും 30-ാം തീയതി ടോക്കൺ പണിമുടക്കവും അത് കഴിഞ്ഞ്

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിവന്നാൽ നിരന്തരമായിട്ടുള്ള പണിമുടക്കും നടത്തുമെന്ന് പറഞ്ഞുകൊണ്ട് മുതലാളിമാർക്കും ഡിപ്പാർട്ടുമെന്റിനും നോട്ടീസ് കൊടുത്തിട്ടുണ്ട്. ഈ വ്യവസായ രംഗത്ത് തൊഴിലാളികളെക്കൊണ്ട് ബലമായി മിനിമം വേജും ക്ഷാമബത്തയും ഉൾപ്പെടെ കിട്ടുന്നുണ്ട് എന്ന് പറഞ്ഞ് ഒപ്പിട്ട് വാങ്ങുന്നുണ്ട്. ഇത് ഇന്നും ഇന്നലെയും തുടങ്ങിയതല്ല. വളരെക്കാലമായി തുടങ്ങിയതാണ്. 1975 മുതൽ നടപ്പിലാക്കിയ മിനിമം വേജ് പരിപൂർണ്ണമായി കൊടുക്കുന്നതിന് സാധിക്കത്തക്കനിലയിൽ 300 സെന്റ് മുതൽ 316 സെന്റുവരെ കശുവണ്ടി പരിപ്പിന് വിലയും ഉണ്ട്. നിങ്ങൾ ഇപ്പോഴും ഈ കുടിൽ വ്യവസായങ്ങളിൽ ക്ഷാമബത്ത കൊടുക്കുന്നതേയില്ല. വലിയ മുതലാളിമാരുടെയിടയിൽ ചില ആളുകൾ ഒന്നുമുതൽ മൂന്ന് രൂപവരെയാണ് ക്ഷാമബത്ത കൊടുക്കുന്നത്. ഇത് തൊഴിൽ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിക്ക് അറിയാഞ്ഞിട്ടല്ല. അദ്ദേഹത്തിന് അറിയാം. വ്യവസായ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിക്കും അറിയാം. ഒരു ഇൻസെന്റീവ് പെക്ഷൻ വർദ്ധിനെവച്ചോ ഒരു ഇൻസെന്റീവ് പെക്ഷൻ സ്കാഡിനെവച്ചോ ഇത് നടപ്പിലാക്കിക്കളയാം എന്നാണെങ്കിൽ അത് നടക്കാത്ത കാര്യമാണ്. മിനിമം വേജ് നടപ്പിലാക്കണമെന്ന് പറഞ്ഞ് ഇതിനുമുമ്പ് വളരെക്കാലം തൊഴിലാളികൾ പണിമുടക്കിയിട്ടുള്ളതാണ്. പണിമുടക്കുന്ന അവസരങ്ങളിലെല്ലാം ഈ ഗവൺമെന്റ് ഇവിടെയുള്ള ഫാക്ടറികളെല്ലാം അടച്ചിട്ട് ഇവിടത്തെ തോട്ടണ്ടി തമിഴ്നാട്ടിലേയ്ക്ക് കടത്തിക്കൊണ്ട് പോകാൻ സംരക്ഷണം കൊടുക്കുന്നു. അങ്ങനെ കൊടുക്കുന്നതുകൊണ്ട് ഫാക്ടറികൾ തുറക്കാതെ വരും. ഒരുകൊല്ലം മുഴുവൻ തൊഴിലാളികൾ പട്ടിണികിടക്കേണ്ടതായി വരികയും ചെയ്യുന്നു. പട്ടിണി കിടക്കേണ്ടതായ സ്ഥിതി വിശേഷം വരുന്നതുകൊണ്ടാണ് തൊഴിലാളികൾ പണിമുടക്ക് എന്നു പറയുമ്പോൾ പേടിച്ച് ഇന്നതുപോലെ എഴുതിക്കൊടുക്കാൻ പറയുമ്പോൾ എഴുതിക്കൊടുക്കുന്ന സാഹചര്യം ഉണ്ടാകുന്നത്. ഈ ഗവൺമെന്റ് പറയുന്നത്, കാപ്പക്സ് ഉണ്ടാക്കിയിട്ടുണ്ട്, കാപ്പക്സ് പ്രകാരം ഗവൺമെന്റ് തൊഴിൽ കൊടുക്കുന്നതിന് വേണ്ട നടപടികൾ എടുക്കുന്നുണ്ട് എന്നൊക്കെയാണ്. ഞാൻ കാപ്പക്സ് വേണ്ടെന്നുള്ള അഭിപ്രായത്തിലല്ല ഇത് പറയുന്നത്. കാപ്പക്സ് എത്ര തൊഴിലാളികൾക്ക് ജോലി കൊടുക്കുന്നുണ്ട്? നാലായിരം തൊഴിലാളികൾക്കാണ് തൊഴിൽ കൊടുക്കുന്നത്. നാൽപതിനായിരം തൊഴിലാളികളുള്ള കാഷ്യൂ ഡവലപ്മെന്റ് കോർപ്പറേഷൻ സംഭരിച്ച കശുവണ്ടി, ഇക്കൊല്ലം ആറായിരവും 1985-ൽ അയ്യായിരവും ടണ്ണാണ്. അവർക്ക് എത്ര ദിവസം ജോലി കിട്ടും? 1985-ൽ 19 ദിവസം ജോലി കിട്ടി. 1986-ൽ 22 ദിവസമാണ് ജോലി കിട്ടാൻ പോകുന്നത്. ഇത് കഴിഞ്ഞ് പുറത്ത് നിന്ന് ഇറക്കുമതി ചെയ്യുന്ന കശുവണ്ടി ഉൾപ്പെടെ ഈ കൊല്ലം പതിനായിരമായി. ഈ വിധത്തിൽ മുഴുവൻ വന്നാൽപ്പോലും കാഷ്യൂ ഡവലപ്മെന്റ് കോർപ്പറേഷന്റെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 62 ദിവസമാണ് കിട്ടുന്നത്. ഈ തൊഴിലാളികൾക്ക് സാധാരണനിലയിൽ ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഗവൺമെന്റ് കൃത്യമായി നടപ്പിലാക്കണം. അതിനുവേണ്ടി പ്രത്യേകമായിട്ട് നടപടികൾ എടുക്കാതെ ഒരു ഇൻസെന്റീവ് വർദ്ധനവ് വന്നിട്ടൊന്നും കാര്യമില്ല. നിങ്ങൾ നടത്തുന്ന ഫാക്ടറികൾ തുടർച്ചയായി നടത്തുന്ന കാലഘട്ടത്തിൽ നിങ്ങളെടുക്കേണ്ട നടപടികളെടുക്കണം. ഇവിടെ സംഭരിക്കാവുന്ന കശുവണ്ടി മുഴുവൻ സംഭരിക്കുകയും, കശുവണ്ടി പുറത്ത് പോകാതിരിക്കാനുള്ള നടപടികൾ എടുക്കുകയും ചെയ്യണം. കശുവണ്ടി ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

നിന്ന് കൊണ്ടുപോകുന്നതിന് സംരക്ഷണം കൊടുക്കുന്ന ഈ ഗവൺമെൻറിന്റെ നിലപാട് മാറണം. ഇല്ലെങ്കിൽ തൊഴിലാളി രക്ഷപ്പെടുകയില്ല. തൊഴിലാളികളുടെ ഇന്നത്തെ സ്ഥിതി അപകടസ്ഥിതിയാണ്, തൊഴിൽ വകുപ്പുമന്ത്രി അവിടെ നടന്ന് എല്ലാവരോടും പണിമുടക്കാൻ ആഹ്വാനം കൊടുത്തിരിക്കുകയാണ്. തൊഴിലാളികളുടെ ഇന്നത്തെ സ്ഥിതി എന്താണെന്നുവച്ചാൽ പണിമുടക്കാൻ നിവൃത്തിയില്ല. ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ എത്രകൊല്ലമായി പണിയില്ലാതെ പട്ടിണിപ്പാവങ്ങളായിരിക്കുന്നു! ഗവൺമെൻറ് ഫ്രീ റേഷൻ കൊടുക്കുകയാണ്. ആണ്ടുതോറും രണ്ടാഴ്ചയോ മൂന്നാഴ്ചയോ കൊടുക്കത്തക്കവിധത്തിലുള്ള സ്ഥിതിവിശേഷം വന്നിരിക്കുന്നു. തൊഴിലില്ലായ്മ വർദ്ധിക്കുന്ന ഈ നാട്ടിൽ, ഗവൺമെൻറ് ഇവിടത്തെ മുതലാളിമാരുമായി കൂട്ടുനിൽക്കാതെ കാര്യമായ നടപടിയെടുക്കുവാൻ തയ്യാറാകണം.

സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, കുടിൽവ്യവസായത്തിന് ലൈസൻസ് കൊടുത്തിട്ടില്ലെന്ന്. നിങ്ങൾ 84 ലൈസൻസ് കൊടുത്തിട്ടുണ്ട്. അത് മുഴുവനും കുടിൽവ്യവസായത്തിനാണ്. ഒരൊറ്റയെണ്ണവും വേറെയില്ല. ആ വ്യവസായത്തിൽ ഏർപ്പെട്ട് പണിയെടുക്കുന്ന തൊഴിലാളികൾക്ക് മിനിമം വേജ് കിട്ടുമോ? മിനിമം വേജ് കൊടുക്കുന്നേയില്ല. ഗവൺമെൻറിന്റെ ഭാഗത്തുനിന്ന് തൊഴിലാളി വിരുദ്ധമായിട്ടുള്ള നടപടികളെടുക്കുന്നത് ശരിയല്ല. ഇക്കാലമത്രയും തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കാൻ സാധിച്ച ഒരു തൊഴിൽ വകുപ്പു മന്ത്രിയാണിപ്പോഴുള്ളത്. അങ്ങനെയെല്ലാം ഉണ്ടായിട്ടുപോലും ഈ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ മുഴുപ്പട്ടിണിക്കിടുന്ന വിധത്തിലുള്ള നടപടികൾ എടുക്കുന്നതിന്റെ അനന്തരഫലമാണിതൊക്കെ. ഈ വ്യവസായം ഈ നാട്ടിൽനിന്ന് 'ഇല്ലാതാക്കുന്നതിനുള്ള നീക്കങ്ങളുണ്ടായാൽ ഗവൺമെൻറിന്റെ ഭാഗത്തുനിന്നും അതിനെതിരെ കർശനമായ നടപടിയുണ്ടാകണം. മിനിമം വേജ് കിട്ടുന്നതിനുവേണ്ടിയുള്ള നടപടികൾ ഈ ഗവൺമെൻറ് ശുഷ്കാന്തിയോടുകൂടി എടുക്കണം. അങ്ങനെ ചെയ്യാതിരിക്കുന്നതിന്റെ ഫലമായി കൊല്ലം ജില്ലയും കശുവണ്ടി മേഖലയും ഒരു സംഘർഷാവസ്ഥയിലാണ്. ആ അവസ്ഥ നിലനിൽക്കുന്നതുകൊണ്ട്, ഒന്നര ലക്ഷത്തോളം തൊഴിലാളി കുടുംബങ്ങളെ ബാധിക്കുന്ന പ്രശ്നമായതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യണം. അത്രയ്ക്ക് അതിരൂക്ഷമായിട്ടുള്ള ഒരു പ്രശ്നമാണിത്.

ശ്രീ. ഇ. അഹമ്മദ്: സർ, ബഹുമാനപ്പെട്ട ഗൗരിയമ്മ പറഞ്ഞു, 84 ലൈസൻസുകൾ കൊടുത്തിട്ടുണ്ടെന്ന്. ഞാൻ അത് അസന്ദിഗ്ദ്ധമായിതന്നെ നിഷേധിക്കുകയാണ്. കൊടുത്തിട്ടില്ല. അവിടെയുള്ള ഫാക്ടറികളുടെ ലൈസൻസുകൾ റിന്യൂ ചെയ്തുകൊടുക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. പഴയ കോട്ടാ ഫാക്ടറികൾക്ക്, ഓരോ വർഷവും അവർ ഫാക്ടറിയുടെ പ്രവർത്തനം തുടർന്ന് നടത്തുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അവരുടെ ലൈസൻസുകൾ പുതുക്കേണ്ടതുണ്ട്. ഫാക്ടറീസ് ആക്ട് അനുസരിച്ച് ഇത് നിർബന്ധമാണ്. ഫാക്ടറികളുടെ പ്രവർത്തനം തുടരണമെങ്കിൽ ഉടമകൾക്ക് അവരവരുടെ ലൈസൻസുകൾ റിന്യൂ ചെയ്യാം. ഇപ്രകാരം റിന്യൂ ചെയ്യുന്നതിനെപ്പറ്റി, വ്യക്തമായിത്തന്നെ പറഞ്ഞിട്ടുണ്ട്. ഗൗരിയമ്മയ്ക്ക് ഈ ലൈസൻസുകൾ പുതുക്കിയത് സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അത് ഹാജരാക്കണം..... തടസ്സം....

LIBRARY ARCHIVES Kerala Legislative Assembly

സർ, ഞാൻ കഴിഞ്ഞദിവസം ഇവിടെ 68–ാം നമ്പർ നക്ഷത്രാങ്കിത ചോദ്യത്തിന് ഉത്തരം പറഞ്ഞ അവസരത്തിൽ പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ തുറക്കുന്നതിന് വേണ്ടിവന്നാൽ നടപടികളെടുക്കുമെന്ന് പറഞ്ഞു. ഞാൻ അപ്പോൾ ലൈസൻസ് എന്ന് പറഞ്ഞത്, നിന്യൂ വലിനെ ഉദ്ദേശിച്ചുകൊണ്ടുമാത്രമാണ്. ബഹുമാനപ്പെട്ട മെമ്പറുടെ സംശയം തീർത്തുകൊടുക്കുവാൻ ഞാൻ ബാദ്ധ്യസ്ഥനാണ്. ലൈസൻസുകൾ റിന്യൂചെയ്തുകൊടുക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. കോടതിയുടെ ഉത്തരവനുസരിച്ച് 3-5-1984–ന് KEK കാഷ്യൂ എന്ന കമ്പനിക്കും 25-4-85–ൽ രാജൻ കാഷ്യൂ കമ്പനിക്കും ഫാക്ടറികൾ തുറക്കാൻ ഗവൺമെന്റ് ലൈസൻസ് കൊടുത്തു. അത് കോടതി പറഞ്ഞതുകൊണ്ടാണ് കൊടുത്തത്. ഈ രണ്ട് കമ്പനികൾക്കല്ലാതെ വേറെ കുടിവറുക്കലിന് ലൈസൻസ് കൊടുത്തുവെന്ന് ഗൗരിയമ്മ പറയുന്നത് ശരിയല്ല. കോട്ടാ ഫാക്ടറികൾ ഇവിടെ തുറക്കണമെങ്കിൽ അവരുടെ ലൈസൻസ് റിന്യൂ ചെയ്യേണ്ടതു് അത്യാവശ്യമാണ്. ഇപ്പോൾ ഗൗരിയമ്മ പറയുന്നു. ഫാക്ടറികൾ അടച്ചുപൂട്ടിയിട്ടിരിക്കുന്നുവെന്ന്. അത് ശരിയാണ്. ഇത് പുതിയ പ്രതിഭാസമൊന്നും അല്ല. മുൻകാലങ്ങളിലും ഫാക്ടറികൾ അടച്ചുപൂട്ടിയിട്ടിട്ടുള്ള സാഹചര്യമുണ്ടായിട്ടുണ്ട്. തങ്കമ്മകുഞ്ഞു മുസലിയാരുടെ കാലത്ത് തുറന്ന ഫാക്ടറികൾ അടച്ചു പൂട്ടിയിട്ടില്ലേ? അതേസമയം ഈ പ്രൊക്യൂർമെന്റ് നിലവിലുള്ളപ്പോഴും പല ഫാക്ടറികൾ അടച്ചുപൂട്ടിയിരുന്നു. അന്നുപോലും കശുവണ്ടി അലോട്ടുചെയ്തിരുന്ന ഫാക്ടറികൾ അത് എറെടുക്കാതെ അടച്ചുപൂട്ടിയപ്പോഴുപോലും ഗവൺമെന്റിന് നടപടിയെടുക്കാൻ സാധിക്കാത്ത ഒരു സ്ഥിതിവിശേഷം ഇവിടെ ഉണ്ടായിരുന്നു. നേരെ മറിച്ച്, പൂട്ടിക്കിടക്കുന്ന ഫാക്ടറികൾക്ക് അതായത് കോട്ടാ ഫാക്ടറികൾക്ക് ലൈസൻസ് റിന്യൂ ചെയ്തുകൊടുക്കുന്നത് അവർ ഫാക്ടറികൾ തുറന്നു പ്രവർത്തിക്കുവാൻ വേണ്ടിയാണ്. അവർക്ക് തോട്ടണ്ടി കൊടുക്കാത്തതുകൊണ്ടാണ് തുറന്ന് പ്രവർത്തിക്കുവാൻ കഴിയാത്തതെന്ന് പറഞ്ഞു. അതുകൊണ്ടാണ് ഗവൺമെന്റ് തന്നെ നേരിട്ട് ഒരു പദ്ധതി മുൻപോട്ടുകൊണ്ടുവന്നത്. സഹകരണമേഖലയിൽ തൊഴിലാളികളെ കൊണ്ടുവരികയും ഫാക്ടറികൾ ഏറെടുക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. 10 ഫാക്ടറികൾ ഏറെടുത്തു. ഞാൻ ആദ്യം പറഞ്ഞു, കൂടുതൽ ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കാൻ വേണ്ടി ഗവൺമെന്റിനാൽ കഴിയുന്ന എല്ലാ ശ്രമങ്ങളും നടത്തുമെന്ന്. പക്ഷേ അതിനുള്ള പ്രധാനഘടകം തോട്ടണ്ടിയുടെ ലഭ്യതയാണ്. അതിന് ശ്രമിക്കുന്നതോടൊപ്പംതന്നെ പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ തുറക്കുന്നതിനും ഗവൺമെന്റ് വീണ്ടും ശ്രമിക്കുന്നതാണ്. മുമ്പ് ശ്രമിച്ചിട്ടുണ്ട്. ഇനിയും ശ്രമം തുടരുന്നതാണ്. ഇവിടെനിന്നും തോട്ടണ്ടി കടത്തിക്കൊണ്ടുപോകുന്നുവെന്ന് ഗൗരിയമ്മ പറഞ്ഞു. ഈ തോട്ടണ്ടി കടത്തിക്കൊണ്ടുപോകുന്നതിനെതിരായി പഴയ കാലത്ത് ഉണ്ടായിരുന്ന അതേ സംവിധാനംതന്നെ ഇന്നത്തെ ഗവൺമെന്റും തുടരുകയാണ്. തോട്ടണ്ടി കടത്തിക്കൊണ്ടുപോകുന്നത് ഡിറക്റ്റു ചെയ്തിട്ടുള്ള നാലഞ്ചു കേസുകൾതന്നെ ഇന്ന് നിലവിലുണ്ട്. ഗവൺമെന്റ് ഇതിനൊന്നിനും കൂട്ടുനിൽക്കുന്നില്ല. ഡി. എ. യെ സംബന്ധിച്ചും മിനിമം വേജസിനെ സംബന്ധിച്ചും ഗവൺമെന്റിന് വളരെയധികം ആകാംക്ഷയുണ്ട്. അതുകൊണ്ടാണ് ഗവൺമെന്റ് സ്പെഷ്യൽ സ്കാഡ് രൂപവൽക്കരിച്ചത്. അതുകൊണ്ടാണ് ലേബർ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാർ സംശയിക്കപ്പെടുന്ന 36 കേസുകൾ ഫയൽ ചെയ്തിട്ടുള്ളത്. മിനിമം വേജസ് അതോറി

LIBRARY ARCHIVES Kerala Legislative Assembly

റിയുടെ മുൻപിൽ തൊഴിലാളികളാരും പെറിഷൻ കൊടുത്തതു കൊണ്ടല്ല, ബോർഡ് സുവോമോട്ടോ ആയിട്ടാണ് 36 കേസ്സുകൾ പിടിച്ചത്. ഇനിയും ഇക്കാര്യങ്ങളിൽ നടപടിയെടുക്കാൻ തയ്യാറാണെന്ന് വിനയപൂർവം ഗൗരിയമ്മയെപോലുള്ള ആളുകളോട് എനിക്ക് പറയാനുണ്ട്. കൊല്ലം വളരെ പ്രധാനപ്പെട്ട തൊഴിലാളി സംഘടനാ മേഖലയാണ്. അവരുടെ വികാരം ഗവൺമെൻറ് മാനിക്കുന്നു. അതിന് യാതൊരു സംശയവുമില്ല. എന്നാൽ കൃത്രിമങ്ങൾ കണ്ടുപിടിക്കുന്നതിന് ഗവൺമെൻറ് ഒന്നും ചെയ്യുന്നില്ല, ഗവൺമെൻറ് മുതലാളിമാർക്ക് കൂട്ടുനിൽക്കുന്നുവെന്ന് ആരോപിച്ചിട്ടുള്ളത് ശരിയല്ല. ഞാൻ അത് നിഷേധിക്കുകയാണ്. ഡി. എ. യും മറ്റ് അലവൻസുകളും മുതലാളിമാർ കൊടുക്കുന്നില്ലെങ്കിൽ, ഇത് സംബന്ധിച്ച് രേഖാമൂലം പരാതി കൊടുക്കുവാൻ ഗൗരിയമ്മ ഉൾപ്പെടെയുള്ളവർ ശ്രമിക്കണമെന്ന് കൂടി ഞാൻ വിനയപൂർവം അപേക്ഷിക്കുന്നു. ഇവിടെ ഇതിനെക്കുറിച്ച്, അടിയന്തിരമായി സഭ നിർത്തിവച്ച് ചർച്ച ചേയ്യേണ്ട കാര്യമില്ല. ഇക്കാര്യങ്ങളെല്ലാം ഗവൺമെൻറ് ഇതിന് മുൻപ് പലപ്പോഴും പറഞ്ഞിട്ടുള്ളതാണ്. എല്ലാ നിയമസഭയിലും, എന്റെ പ്രഗൽഭനായ സുഹൃത്ത് ശ്രീ. ആർ. എസ്. ഉണ്ണി ഇതിനേക്കാൾ വളരെയധികം ശക്തമായി ആവശ്യങ്ങൾ നിരത്തിവച്ചിട്ടുള്ളതാണ്. അതുകൊണ്ട്, ഇപ്പോൾ ഇതുസംബന്ധിച്ച് ചർച്ചയുടെ ആവശ്യമില്ലെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്

മി. സ്പീക്കർ: ബഹുമാനപ്പെട്ട വ്യവസായവകുപ്പ് മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ, ഈ അടിയന്തിരപ്രമേയത്തിന് അനുമതി നിഷേധിക്കുകയാണ്.

III ശ്രദ്ധ ക്ഷണിക്കൽ

(1) മാപ്പിളബേ പദ്ധതിയുടെ സ്തംഭനാവസ്ഥ

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, കണ്ണൂർ ജില്ലയിലെ ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികളെയും അവരുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന ജനങ്ങളേയും ഉദ്ദേശിച്ചുകൊണ്ടാണ് 1961-ൽ ഇൻഡോ നോർവീജിയൻ പ്രോജക്ടിന് അനുസരിച്ച് മാപ്പിളബേയിൽ ഒരു പദ്ധതി ആരംഭിക്കുവാൻ തീരുമാനിച്ചത്. സർ, ആ പദ്ധതിക്കുവേണ്ടി സർക്കാർ പല ഘട്ടങ്ങളിലായി ഏതാണ്ട് 90 ലക്ഷത്തിലധികം രൂപ ചെലവഴിക്കുകയും ചെയ്തു. ആയിരം അടിനീളത്തിൽ ബ്രേക്ക്വാട്ടർ സൗകര്യമുണ്ടാക്കുന്നതിനും അതിനോടനുബന്ധിച്ച് 1500 അടി നീളത്തിൽ അപ്രോച്ചുറോഡ് ഉണ്ടാക്കുന്നതിനും അവിടെ ബോട്ടുകൾക്കും വഞ്ചികൾക്കുമൊക്കെ താവളമുറപ്പിക്കുന്നതിനും പറഞ്ഞിരുന്ന തരത്തിലുള്ള വിപുലമായ വികസന പദ്ധതിയായിരുന്നു അത്. ആ പദ്ധതിയുടെ മുഖ്യലക്ഷ്യവും അതായിരുന്നു. പക്ഷേ 1961-ൽ ആരംഭിച്ച ആ പദ്ധതി ഇന്നും സർക്കാരിന്റെ അനാസ്ഥയുടെ പ്രതീകമായി, അല്ലെങ്കിൽ സ്മാരകമായി, നിലനിൽക്കുകയാണ്. അവിടെ മണ്ണുമാന്തി ബോട്ടുകൾക്ക് അടുക്കാൻവേണ്ട സൗകര്യമുണ്ടാക്കുന്നതിനുവേണ്ടി മുറവിളി ഉയരുമ്പോഴെല്ലാം തുറമുഖവകുപ്പിന്റെ ചുമതല വഹിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly